**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 454** **23-02-2022 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതിയുടെ റിപ്പോർട്ട് 30-04-2021 ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നോ; എങ്കിൽ ഫയൽ എന്നാണ് ആരംഭിച്ചത് എന്നും ആരെല്ലാം ഫയൽ കണ്ടിട്ടുണ്ടെന്നും ഫയൽ ഓരോരുത്തരുടെയും കൈവശം എത്ര ദിവസമുണ്ടായിരുന്നുവെന്നും അറിയിക്കാമോ; | (ബി) | സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് പരിശോധിക്കുന്ന ഫയലിന്റെ മൂവ്മെന്റ് ഹിസ്റ്ററിയും ഫയലിന്റെ മുഴുവൻ പേജുകളുടെ പകർപ്പും പുനഃപരിശോധന സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; | (സി) | സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കേന്ദ്ര ഗവണ്മെന്റ് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് നല്കുന്നുണ്ടോ; | (ഡി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. |
| (ഇ) | ഇല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് പുനഃപരിശോധന സമിതി തീരുമാനം വരാത്ത സാഹചര്യത്തിൽ അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ? | (ഇ) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ